# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി9)946/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി9)946/2022 തീയ്യതി: 05/07/2022

## തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-09-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 17-05-2022 | 26-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-05-2022 | 26-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഷോബി വി.പി. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.സദാനന്ദൻ പി.ജി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു പി.ഡാംസെൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ കെ.സി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രേഖ ഇ.സി.ഓഡിറ്റർ
ശ്രീ.രഞ്ജിത്ത് പി.ആർ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. വിജി ശശി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സുനിത കെ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 16-07-2019 |
| ടി വി ശിവദാസൻ | സെക്രട്ടറി | 17-07-2019 | 25-12-2019 |
| സുനിത കെ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-12-2019 | 31-12-2019 |
| ടി വി ശിവദാസൻ | സെക്രട്ടറി | 01-01-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇഖ്ബാൽ പി എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| മാലിനി സി ഡി | കൃഷി ഓഫീസർ | 01-04-2019 | 18-09-2019 |
| മിനി എസ് | കൃഷി ഓഫീസർ ഇൻ ചാർജ് | 19-09-2019 | 25-09-2019 |
| നിഖിത ഒ എം | കൃഷി ഓഫീസർ ഇൻ ചാർജ് | 26-09-2019 | 31-03-2020 |
| ഗിത പി പി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| എം എ സ്മിത | വി ഇ ഓ കാരമുക്ക് സർക്കിൾ | 01-04-2019 | 31-03-2020 |
| ജയദീപ് ടി | വി ഇ ഓ കാഞ്ഞാണി സർക്കിൾ | 01-04-2019 | 15-05-2019 |
| എം എ സ്മിത | വി ഇ ഓ കാഞ്ഞാണി സർക്കിൾ | 16-05-2019 | 09-10-2019 |
| സിന്ധു കെ | വി ഇ ഓ കാഞ്ഞാണി സർക്കിൾ | 10-10-2019 | 31-03-2020 |
| രജിത | വി ഇ ഓ മണലൂർ സർക്കിൾ | 01-04-2019 | 08-07-2019 |
| എം എ സ്മിത | വി ഇ ഓ മണലൂർ സർക്കിൾ | 09-07-2019 | 10-12-2019 |
| ജയദീപ് ടി | വി ഇ ഓ മണലൂർ സർക്കിൾ | 11-12-2019 | 31-03-2020 |
| ഡോ.അജയ് രാജൻ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.ഷംല | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.രാജലക്ഷ്മി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഷാർളി ടി സി | ഹെഡ് മിസ്ട്രസ്സ്, ജിഎൽപിഎസ്, മണലൂർ | 01-04-2019 | 24-06-2019 |
| പ്രമീള സി | ഹെഡ് മിസ്ട്രസ്സ്, ജിഎൽപിഎസ്, മണലൂർ | 25-06-2019 | 31-03-2020 |
| അജിത പി കെ | ഹെഡ് മിസ്ട്രസ്സ്, പിജെഎംഎസ് ജി എൽ പി എസ്, കണ്ടശ്ശാംകടവ് | 01-04-2019 | 31-03-2020 |
| സ്മൃതി വാസുദേവൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഒഴിവ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 01-11-2019 |
| സിമി റോസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-11-2019 | 31-03-2020 |
| സുനിത കെ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Siju P. Damson (Asst. Audit Officer, On 23-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: REKHA E.C. (Auditor, On 23-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: REKHA E.C. (Auditor, On 23-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Siju P. Damson (Asst. Audit Officer, On 23-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-5 |
| 6 | സാമൂഹ്യക്ഷേമപെൻഷനുകൾ<br>Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Ranjith P.R (Auditor, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 26-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-9 |
| 10 | വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-10 |
| 11 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-11 |
| 12 | സേവന ഉപനികുതി (റെസിഡൻഷ്യൽ)(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-12 |
| 13 | സേവന ഉപനികുതി (നോൺ റെസിഡൻഷ്യൽ)(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-13 |
| 14 | റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-14 |
| 15 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-15 |

| | | |
|---|---|---|
| | Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | |
| 16 | വസ്തുനികുതി-സേവന ഉപനികുതി (റെസിഡൻഷ്യൽ)(കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-16 |
| 17 | സേവന ഉപനികുതി (നോൺ റെസിഡൻഷ്യൽ)(കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-17 |
| 18 | ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-18 |
| 19 | ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 25-05-2022) | 1-19 |
| 20 | വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 25-05-2022) | 1-20 |
| 21 | മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 25-05-2022) | 1-21 |
| 22 | "280000000-Prior Period Item"-വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-22 |
| 23 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തൽ-വൌച്ചർ ,അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 25-05-2022) | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: REKHA E.C. (Auditor, On 11-06-2022) | 1-24 |
| 25 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 25-05-2022) | 1-25 |
| 26 | സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 25-05-2022) | 1-26 |
| 27 | ഗ്രാന്റ് ബാധ്യത തുകയും അതാത് ബാങ്ക് നീക്കിയിരിപ്പും തുല്യമല്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-27 |
| 28 | KURDFC വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ നിലവിലുള്ള ലോൺരജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 25-05-2022) | 1-28 |
| 29 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 25-05-2022)<br>Last Updated By: REKHA E.C. (Auditor, On 01-06-2022) | 1-29 |
| 30 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: REKHA E.C. (Auditor, On 25-05-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: REKHA E.C. (Auditor, On 25-05-2022) | |
| 31 | പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല, പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 25-05-2022)<br>Last Updated By: Ranjith P.R (Auditor, On 25-05-2022) | 1-31 |
| 32 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 30-05-2022)<br>Last Updated By: REKHA E.C. (Auditor, On 01-06-2022) | 1-32 |
| 33 | ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 30-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-33 |
| 34 | അടവാക്കുന്ന വിനോദ നികുതിയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല<br>Written By: Ranjith P.R (Auditor, On 30-05-2022)<br>Last Updated By: Ranjith P.R (Auditor, On 01-06-2022) | 1-34 |
| 35 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Ranjith P.R (Auditor, On 01-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-35 |
| 36 | കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല<br>Written By: Ranjith P.R (Auditor, On 01-06-2022)<br>Last Updated By: Ranjith P.R (Auditor, On 01-06-2022) | 1-36 |
| 37 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: Ranjith P.R (Auditor, On 01-06-2022)<br>Last Updated By: Ranjith P.R (Auditor, On 01-06-2022) | 1-37 |
| 38 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താവിന്റെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.<br>Written By: REKHA E.C. (Auditor, On 26-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-38 |
| 39 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫിസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ പദ്ധതി<br>Written By: REKHA E.C. (Auditor, On 26-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-39 |
| 40 | കൈപ്പറ്റ് രസീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-40 |
| 41 | ജിഎസ് ടി ഇൻവോയ്സ് ലഭ്യമാക്കാതെ തുക നല്കി-38,000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 25-05-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 25-05-2022) | 1-41 |
| 42 | പഞ്ചായത്ത് ഓഫീസ് നവീകരണം - ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിങ്ങ് - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 26-05-2022)<br>Last Updated By: Ranjith P.R (Auditor, On 01-06-2022) | 1-42 |
| 43 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: P.G.Sadanandan (Audit Officer, On 26-05-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 04-06-2022) | 1-43 |
| 44 | പഞ്ചായത്ത് ഓഫീസിലെ യു.പി.എസിന് പുതിയ ബാറ്ററി വാങ്ങൽ - പഴയ ബാറ്ററി Buy – Back അടിസ്ഥാനത്തിൽ തിരികെ നൽകുകയോ ലേലം ചെയ്യുകയോ ചെയ്തില്ല<br>Written By: P.G.Sadanandan (Audit Officer, On 26-05-2022)<br>Last Updated By: REKHA E.C. (Auditor, On 03-06-2022) | 1-44 |

| | | |
|---|---|---|
| 45 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അധികം നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്<br>Written By: P.G.Sadanandan (Audit Officer, On 26-05-2022)<br>Last Updated By: Ranjith P.R (Auditor, On 01-06-2022) | 1-45 |
| 46 | ലൈഫ് പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല<br>Written By: REKHA E.C. (Auditor, On 26-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-46 |
| 47 | ഡയറി ഫാം ഇൻസ്പെക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 01-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-47 |
| 48 | പഞ്ചായത്താഫീസ് നവീകരണത്തിന് ഒന്നിലധികം പ്രൊജക്റ്റുകൾ തയ്യാറാക്കി<br>Written By: Shobby.V.P (Audit Officer, On 01-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-48 |
| 49 | പ്രൊജ.നം.178/20 : പഞ്ചായത്ത് ആഫീസ് നവീകരണം--അപാകതകൾ<br>Written By: Shobby.V.P (Audit Officer, On 01-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-49 |
| 50 | പ്രൊജ.നം. 57/19-20 വഞ്ചിക്കടവ് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 01-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-50 |
| 51 | പ്രൊജക്റ്റ് നം. 189/19-20 --- GST Compensation ഇനത്തിൽ ₹ 9842- അനർഹമായി അനുവദിച്ച് നൽകി<br>Written By: Shobby.V.P (Audit Officer, On 01-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-51 |
| 52 | കാലി ബാരലിന്റെ വില--GST അടവാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 01-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-52 |
| 53 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 01-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-53 |
| 54 | തൊഴിലുറപ്പ് പദ്ധതി --ആദായ നികുതിയിനത്തിൽ ₹ 5528-- ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 01-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-54 |
| 55 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി<br>Written By: SunilKumar K C (Asst. Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-55 |
| 56 | നെൽ കൃഷികസനം-ഗുണഭോക്തൃ വിഹിതം<br>Written By: SunilKumar K C (Asst. Audit Officer, On 04-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 1-56 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പഞ്ചായത്ത് ഓഫീസിലെ യു.പി.എസിന് പുതിയ ബാറ്ററി വാങ്ങൽ - പഴയ ബാറ്ററി Buy – Back അടിസ്ഥാനത്തിൽ തിരികെ നൽകുകയോ ലേലം ചെയ്യുകയോ ചെയ്തില്ല - നഷ്ടം 11600/-രൂപ<br>Written By: REKHA E.C. (Auditor, On 03-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| | Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: SunilKumar K C (Asst. Audit Officer, On 23-05-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: REKHA E.C. (Auditor, On 26-05-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: REKHA E.C. (Auditor, On 26-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: SunilKumar K C (Asst. Audit Officer, On 23-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 04-07-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: SunilKumar K C (Asst. Audit Officer, On 23-05-2022)<br>Last Updated By: REKHA E.C. (Auditor, On 26-05-2022) | 4-9 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 27/02/2019 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 226300000 | 216049100 |
| റിവൈസ്ഡ് ബജറ്റ്<br>റിവൈസ്ഡ് ബജറ്റ് - പാസ്സാക്കിയ തിയതി | 28.3.20 | |
| കമ്മിറ്റി തീരുമാനം | 2(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 169196500 | 154196500 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 18.06.2020 | ഇല്ല | ഇല്ല |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,05,05,833.70 |
| വരവ് | 7,55,04,621 |
| ആകെ | 8,60,10,454.7 |
| ചെലവ് | 7,88,14,186 |
| നീക്കിയിരിപ്പ് | 7,196268.70 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 21209871 | 21209871 | 11709043 | 9500828 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 12315059 | 12315059 | 7695633 | 4619426 |
| വികസന ഫണ്ട് – ടി.സി.പി. (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 108040000 | 108040000 | 5642685 | 5161315 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | | 4677210 | 4677210 | 4311784 | 365426 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11350798 | 11350798 | 6842013 | 4508785 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 226 | 136018633 | 160 | 57106683 | 29 | 66 | 41.98 |

## 1-6 സാമൂഹ്യക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 42240 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4501800 | 483 |
| വിധവാ പെൻഷൻ | 7870700 | 863 |
| വാർദ്ധക്യകാല പെൻഷൻ | 14521500 | 1678 |
| വികലാംഗ പെൻഷൻ | 2228700 | 272 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 959400 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.05.2022 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6154/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

വാർഷിക കണക്കു പ്രകാരം 06 ഷെഡ്യൂൾ ആകെ ചിലവ് 2,51,65,246 രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ഇത് 2,56,24,843/- രൂപയാണ്. വ്യത്യാസം സംബന്ധിച്ച് വിശദാംശങ്ങൾ ഖണ്ഡിക 1-25-ൽ ചേർത്തിരിക്കുന്നു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. റജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ യഥോചിതം പരിപാലിച്ചു പോരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-10 വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3649605 | 3473185 | 73786 | 105393 |
| വാർഷികകണക്കിലെ | 3649605 | 3477138 | 80640 | *105393 |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 110802/105X100)= 105526 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക, മുൻകൂർ തുക എന്നിവ പൊരുത്തപ്പെടുന്നില്ല

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-11 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1686206 | 1602828 | 32365 | 61723 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1686206 | 1592141 | 32365 | *61723 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(64845/105X100)=61757 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 സേവന ഉപനികുതി (റെസിഡൻഷ്യൽ)(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

സേവന ഉപനികുതി (റെസിഡൻഷ്യൽ)(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 367764 | 349529 | 7880 | 10546 |
| വാർഷികകണക്കിലെ | 367764 | 350098 | 7943 | 10546 |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക,ഷെഡ്യൂൾ ആർ.പി-43) | ( 350410105 Advance Collection Of Revenues Service Cess On Residential Buildings-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക, മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 സേവന ഉപനികുതി (നോൺ റെസിഡൻഷ്യൽ)(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

സേവന ഉപനികുതി (നോൺ റെസിഡൻഷ്യൽ)(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 174108 | 160956 | 3452 | 6210 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 174108 | 159907 | 3937 | 6210 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക,ഷെഡ്യൂൾ ആർ.പി-43) | ( 350410106 Advance Collection Of Revenues Service Cess On Non-Residential Buildingsന്റെ ലെഡ്ജർ-) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക,മുൻകൂർ ക്രമീകരിച്ചത് എന്നിവ വാർഷിക കണക്കും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 18490 | 7456 | 11042 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *16482 | 7456 | *11042 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2760+14546=17306/105*100)=16482 | (റസീറ്റ് & പേയ്മെന്റ് പത്രിക,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (11597 X 100/105)=11045 |

| | | | |
|---|---|---|---|
| | | | ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 179291 | 145036 | 34278 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *115789 | 145036 | *34278 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(52721+68857=121578/105*100)=115789 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(35995/105X100)=34281ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 വസ്തുനികുതി-സേവന ഉപനികുതി (റെസിഡൻഷ്യൽ)(കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

സേവന ഉപനികുതി (റെസിഡൻഷ്യൽ)(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1842 | 734 | | 1104 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1653 | 734 | 4 | 1104 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (263+1390=1653) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410105 Advance Collection Of Revenues Service Cess On Residential Buildings-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ് തുക,മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്‌മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 സേവന ഉപനികുതി (നോൺ റെസിഡൻഷ്യൽ)(കുടിശ്ശിക)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

സേവന ഉപനികുതി (നോൺ റെസിഡൻഷ്യൽ)(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 17957 | 14518 | | 3431 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 11570 | 14518 | 8 | 3431 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (5022+6548=11570) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410106 Advance Collection Of Revenues Service Cess On Non-Residential Buildingsന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് , മുൻകൂർ തുക ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്‌മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 185421 | 942 | 186363 | 176059 | 383 | 180374 | 3932 | | 5409 | 555 | 6224 |
| | നോൺ-റെസിഡൻഷ്യൽ | 87529 | 8989 | 96518 | 80900 | 7263 | 88163 | 1755 | | 3122 | 1717 | 4938 |
| | ആകെ | | | 282881 | | | 268537 | | | | | 11162 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 283229 | | | 264452 | | | | 272426 | 10803 | | |
| | | 6719+276510=283229(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. ഡിമാന്റ് , കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്‌മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 264452 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 268537 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In

Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 272426രൂപയാണ്

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-19 ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2019-20 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണയായി (1/4/19,7/6/2019 തീയ്യതികളിൽ ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 വിനോദനികുതി ഡിമാന്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-21 മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues- | 215110 |

| | | | |
|---|---|---|---|
| | | Licence Fees For Dangerous And Offensive Trades | |
| 2 | മറ്റ് നികുതികൾ | 350410199-Advance Collection Of Revenues-Other Taxes | 18000 |
| 3 | ലൈവ് സ്റ്റോക്ക് ഫാം | 350410303-Advance Collection Of Revenues-live Stock Farm Licences | 600 |
| 4 | വാടക | 350410401-Advance Collection Of Revenues-Rent From Buildings | 1157 |
| 5 | | 350800199-Other Creditors | 56720 |
| 6 | | 350800299-Other Liabilities | 795945 |

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-22 "280000000-Prior Period Item"-വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (2018) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (87108) |
| 280100105-Prior Period Income-Service Cess On Residential Buildings | (189) |
| 280100106-Prior Period Income-Service Cess On Non Residential Buildings | (6387) |
| 280200401-Prior Period Income-Other Income | (481602) |
| 280800301-Prior Period- Operations And Maintenance Expenses | 19784 |

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-23 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തൽ-വൌച്ചർ ,അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക

ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 22 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-25 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 25165246രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം കണക്കുകൾ താഴെ ചേർക്കും പ്രകാരമാണ്

| | |
|---|---|
| പഞ്ചായത്തിനുള്ള മൂലധന പ്രവൃത്തികൾ | 891612 * |
| ഭരണചെലവ് ഒഴികെയുള്ള റവന്യൂ ചെലവ് | 24130710 |
| ഭരണചെലവ് | 1494133 |
| ആകെ ചെലവ് | 26516455 |

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | വടക്കേ കാരമുക്ക് വാർഡിൽ കോളനിയിലെ നടപ്പാത കോൺക്രീറ്റിംഗ് | 213119 |
| 2 | ആനക്കാട് വടക്ക് വാർഡിൽ അയ്യപ്പൻകാവ് കിഴക്ക് വയലിത്തറ റോഡ് കോൺക്രീറ്റിംഗ് | 279559 |
| 3 | മങ്ങാട്ടുകര വാർഡിൽ വെള്ളക്കെട്ട് ഒഴിവാക്കൽ - കാന | 137004 |
| 4 | അമ്പലക്കാട് വെള്ളക്കെട്ട്-കാന | 261930 |
| | ആകെ പഞ്ചായത്തിനുള്ള മൂലധന പ്രവൃത്തികൾ | 891612* |

കണക്കുകൾ പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്. തൊഴിലുറപ്പ് വിഭാഗം തയ്യാറാക്കിയ വർഷാന്ത്യ കണക്കുകൾ രേഖാമൂലം കൈപ്പറ്റി ആയതിനനുസൃതമായി പഞ്ചായത്തിന്റെ കണക്കിൽ രേഖപ്പെടുത്തൽ വരുത്താത്തതാണ് ഇപ്രകാരം കണക്കുകളിൽ വ്യത്യാസം വരുന്നതിന് കാരണമായിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 16551രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-27 ഗ്രാന്റ് ബാധ്യത തുകയും അതാത് ബാങ്ക് നീക്കിയിരിപ്പും തുല്യമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100121 | ICDS | 296167 | ഇല്ല | | |
| 2 | 320100126 | PYCKA | 20000 | | | |

| | | | |
|---|---|---|---|
| 3. | 320200205 | Fund For Transferred Institution | 12000 |
| 4 | 320200317 | Grant For DWS | 21800 |
| 5 | 320200322 | Grants From Suchitwa Mission | 182473 |
| 6 | 320200399 | Grants Funds And Contribution For Specific Purposes | 33090 |

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 KURDFC വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ നിലവിലുള്ള ലോൺരജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

വായ്പ ഇനത്തിൽ തൻവർഷം 998353രൂപ KURDFC യിൽ നിന്നും വരവുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ബാലൻസ്ഷീറ്റ് പ്രകാരം വർഷാവസാനം ഈയിനത്തിൽ 7663530 രൂപ അടവാക്കാൻ ബാക്കിയുണ്ട്.എന്നാൽ 330500201- Loan From KURDFC എന്ന വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ നിലവിലുള്ള ലോൺരജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-29 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-30 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (3309565)രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത 5799003രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല, പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ ബാങ്ക് പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല. പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ബാങ്ക് | ബാങ്ക് ബുക്ക് പ്രകാരം 31/3/20 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1. | ടി പി അക്കൌണ്ട് | 26683 |
| 2. | കാനറ ബാങ്ക് സാക്ഷരത (പാസ്സ്ബുക്ക് ഹാജരാക്കി) | 1658 |

പാസ്സ്ബുക്ക്, റീകൺസീലിയേഷൻ പത്രിക എന്നിവ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 2 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-32 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ

## പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

ആയതുമായി ബന്ധപ്പെട്ടു നൽകിയ എൻക്വയറിക്ക് (നമ്പർ: 6/21.05.2022), മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-33 ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നു

സഞ്ചയയിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ, 7 ◌ാം വാർഡിലെ 475,477,480 എന്നീ കെട്ടിടങ്ങളും 13 ◌ാം വാർഡിലെ 400,400 A,400 B എന്നീ കെട്ടിടങ്ങളും സ്വകാര്യ ഹോസ്റ്റൽ ,ഹോംസ്റ്റേ എന്നീ വിഭാഗത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്നതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/24.05.2022), പ്രസ്തുത കെട്ടിടങ്ങൾ ഹോം സ്റ്റേ ആയി പ്രവർത്തിക്കുന്നുണ്ടെന്ന് അന്വേഷിച്ച് ബോധ്യപ്പെട്ടാൽ ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 അടവാക്കുന്ന വിനോദ നികുതിയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 200ലെ ഉപവകുപ്പ് (1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് വിനോദ നികുതി ചുമത്താവുന്നതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ 2,68,122/- രൂപ വിനോദ നികുതിയിനത്തിൽ വരവുണ്ട്. ലഭ്യമാക്കിയ രജിസ്റ്റർ,ഫയൽ എന്നിവ പരിശോധിച്ചതിൽ, ബ്രഹ്മകുളം മൂവീസ്,സിംല മൂവീസ് എന്നീ തീയേറ്ററുകളിൽ നിന്നുള്ള സിനിമ ടിക്കറ്റ് കളക്ഷനിൽ നിന്നും ഈടാക്കിയ വിനോദ നികുതിയാണിത്. സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തീയതി 31.08.2019 പ്രകാരം വിനോദ നികുതി ഈടാക്കുന്നതിനുള്ള നിരക്ക് 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വുമായി നിശ്ചയിച്ചിട്ടുണ്ട്. മേൽ തീയേറ്ററുകൾ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1) ടിക്കറ്റ് നിരക്ക് സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടില്ല.
2)ഓരോ ദിവസവും വിറ്റ ഫസ്റ്റ് ക്ലാസ്സ്, ലക്ഷ്വറി, ബാൽക്കണി ടിക്കറ്റുകളുടെ എണ്ണം ലഭ്യമല്ല.
ഉദാഹരണമായി, 2019-20 സാമ്പത്തിക വർഷത്തെ 15.11.2019 മുതൽ 30.11.2019 വരെയുള്ള ദിവസങ്ങളിൽ അടവാക്കിയ വിനോദ നികുതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ENTERTAINMENT TAX | | |
|---|---|---|
| Day | Brahmakulam Movies | Simla Movies |
| 15.11.2019 | 336.18 | 2140.72 |
| 16.11.2019 | 706.48 | 1666.68 |
| 17.11.2019 | 1071.32 | 1815.4 |
| 18.11.2019 | 336.036 | 656.7 |
| 19.11.2019 | 418.748 | 457.7 |
| 20.11.2019 | 343.908 | 441.78 |
| 21.11.2019 | 183.848 | 417.9 |
| 22.11.2019 | 569.52 | 378.96 |
| 23.11.2019 | 806.56 | 532.64 |
| 24.11.2019 | 2068.12 | 829.6 |
| 25.11.2019 | 867.8 | 348.72 |
| 26.11.2019 | 976 | 268.4 |
| 27.11.2019 | 914.34 | 272.8 |
| 28.11.2019 | 760.54 | 398.8 |
| 29.11.2019 | 1065.58 | 412.56 |
| 30.11.2019 | 1913.92 | 430.32 |
| Total | 13338.9 | 11469.68 |

മേൽ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് പഞ്ചായത്തിൽ നിലവിൽ സംവിധാനങ്ങളൊന്നും തന്നെയില്ല. ഏതെല്ലാം വിഭാഗത്തിൽ എത്ര ടിക്കറ്റുകൾ വിറ്റിട്ടുണ്ട് എന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല. തീയേറ്ററുകൾ എക്സൽ ഷീറ്റിൽ തയ്യാറാക്കി തരുന്ന തുകയാണ് പഞ്ചായത്തിൽ അടവാക്കുന്നത്. പ്രസ്തുതത തുകകൾ എങ്ങനെ എത്തിച്ചേർന്നു എന്നുള്ള വിവരവും ലഭ്യമല്ല. ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ മേൽ പറഞ്ഞ അപാകതകൾ ഉള്ളതിനാൽ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.8/21.05.2022), പ്രസ്തുത സ്ഥാപനങ്ങളുടെ ചരക്ക് സേവന നികുതി ഒടുക്കുന്നതിന്റെ രേഖകൾ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും, തുടർമാസങ്ങളിൽ അപ്രകാരം രേഖകൾ പരിശോധിച്ച് വിനോദനികുതി അടവാക്കുന്നതിന്റെ കൃത്യത ഉറപ്പാക്കുന്നതാണെന്നും, അടവാക്കിയ തുകയിൽ കുറവ് കാണുന്ന പക്ഷം ബാക്കി തുക അടവാക്കുന്നതിന് അറിയിപ്പ് നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അപാകതകൾ പരിഹരിക്കേണ്ടതും സർക്കാർ ഉത്തരവു പാലിച്ച് നികുതി ഈടാക്കി കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

## 1-35 തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

1. പഞ്ചായത്തിന്റെ പരിധിയിൽ 12 പൊതുവിതരണ കേന്ദ്രങ്ങളും 10 കള്ളുഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6/21.05.2022), പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്തു നൽകിയിട്ടുണ്ടെന്നും, കള്ള് ഷാപ്പുകളിൽ നിന്നും 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | ടി വി ജെ പെട്രോളിയം കമ്പനി | 17/273 |
| 2 | സമൃദ്ധി ഫ്യുവൽസ് | 5/134 |
| 3 | സിംല ഹോട്ടൽ | 7/502 |
| 4 | സിംല മൂവീസ് | 5/505 |
| 5 | ബ്രഹ്മകുളം മൂവീസ് | 7/500 |
| 6 | ശാന്തി ഭവൻ പാലിയേറ്റീവ് ഹോസ്പിറ്റൽ | 16/511 |
| 7 | നിതിൻ ഹൈ ടെക് ലാബ് | 17/251 A |
| 8 | സിൽവർ റസിഡൻസി ഹെറിറ്റേജ് | 5/516,516 B,517 |
| 9 | നവരത്ന സൂപ്പർ ഷോപ്പി | 8/614 A |
| 10 | സേവന സൂപ്പർ മാർക്കറ്റ് | 16/777,778,779 |
| 11 | കൈരളി സൂപ്പർ മാർക്കറ്റ് | 16/699,700 |
| 12 | വിൻ പോളിമർസ് | 5/520 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 9/21.05.2022), പ്രസ്തുത സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് നിർദ്ദേശിച്ച് 21.05.2022 തീയതിയിൽ കത്തു നൽകിയിട്ടുണ്ടെന്നും, തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടില്ല

2019-20, സാമ്പത്തിക വർഷത്തിൽ , വി.ഇ.ഒ നടപ്പിലാക്കിയ, SC വിദ്യാർത്ഥികൾക്ക് പഠനമുറി നൽകൽ പദ്ധതി പ്രകാരം, താഴെ പറയുന്ന വീടുകൾക്ക് 120 Sq.ft (11.14 ച.മീ) വിസ്തീർണ്ണം വരുന്ന പഠനമുറി നിർമ്മിച്ച നൽകിയിരുന്നു. ആയതിനാൽ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിൽ വ്യത്യാസം വന്നിട്ടുള്ളതാണ്. ഇതു പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ചിട്ടില്ല.

| വർഷം | പദ്ധതി നം | കെട്ടിട നം. | പേര് | നിലവിൽ ഉണ്ടായിരുന്ന തറവിസ്തീർണ്ണം (ച.മീ) | മാറ്റം വന്നതിനു ശേഷമുള്ള തറ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|---|
| 2019-20 | 153/20 | 11/496 | തിലകൻ | 56 | 67.148 |
| 2019-20 | 153/20 | 5/210 B | രാജൻ കണാട്ട് | 58.75 | 69.89 |
| 2019-20 | 153/20 | 12/490 A | പ്രജുല | 57 | 68.14 |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 14/24.05.2022), വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായും അസി.എഞ്ചിനീയർ അന്വേഷണ ഉദ്യോഗസ്ഥനായും നടപ്പിലാക്കിയ പദ്ധതിയിൽ, വീടുകളുടെ വിസ്തീർണ്ണത്തിൽ വന്ന വ്യതിയാനം, വസ്തു നികുതി സെക്ഷൻ

അറിയുന്നതിനുള്ള സംവിധാനം ഉണ്ടായിരുന്നില്ലെന്നും,മേലിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ അനുബന്ധ രേഖകൾ സഹിതം സമർപ്പിക്കണമെന്ന് ഗുണഭോക്താക്കളോട് നിർദ്ദേശം നൽകുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

വാർഡ് 2 ലെ, ശ്രീ. കാരോത്ത് രാവുണ്ണികുട്ടി മകൻ ശ്രീനിവാസൻ എന്നവരുടെ, വാണിജ്യകെട്ടിടത്തിലെ, 2/166 B നമ്പർ കെട്ടിടത്തിന് ലിഫ്റ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷയും (C4/1163/21, തീയതി 22.01.2021) പ്ലാനുകളും പരിശോധിച്ചതിൽ, പുതുതായി ചേർത്ത ലിഫ്റ്റിന്റെ വിസ്തീർണ്ണം (160*155 ച.അടി ) ഉൾപ്പെടുത്തി വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടില്ല. മാത്രമല്ല, 1075.13 ച.മീ വിസ്തീർണ്ണത്തിൽ, 3 നിലകളുള്ള ഈ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പാർക്കിങ്ങിനായി 61.29 ച.മീ തറ വിസ്തീർണ്ണം പൊതുവായി ഉപയോഗപ്പെടുത്തുന്നതായും കാണുന്നു. എന്നാൽ ഈ തറ വിസ്തീർണ്ണം വസ്തു നികുതി കണക്കാക്കിയതിൽ ഉൾപ്പെടുത്തിയിട്ടില്ല. പാർക്കിങ്ങിനോട് ചേർന്ന് പ്രവേശന കവാടം ഒഴിവാക്കി, മൂന്ന് ഭാഗത്തായി 13 കടമുറികൾ സ്ഥിതി ചെയ്യുന്നുണ്ട്. പാർക്കിങ്ങിന്റെ മുകൾ നിലയിലും കട മുറികൾ നില നിൽക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ 2011 ലെ, ചട്ടം 3 പ്രകാരം, കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ആവശ്യത്തിനായി നീക്കി വച്ചാൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളും നികുതി നിർണ്ണയിക്കണം എന്നാണ്.
ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 22/25.05.2022), ലിഫ്റ്റ് റൂമിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിച്ചു കൊള്ളാമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പാർക്കിങ്ങ് ഏരിയ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് മറുപടിയിൽ പരാമർശിച്ചിട്ടില്ല.
മേൽ കെട്ടിടത്തിന്റെ, ലിഫ്റ്റ് റൂമിന്റെയും പാർക്കിങ്ങ് ഏരിയയുടെയും വിസ്തീർണ്ണം ഉൾപ്പെടുത്തി വസ്തു നികുതി പുനർ നിർണ്ണയിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താവിന്റെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.

പ്രൊജക്റ്റ് നമ്പർ : 75 /2019-20
പ്രോജക്ടിന്റെ പേര് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ : 16,43,050/-
ചെലവ് : 16,43,050/-

| ക്രമ നമ്പർ | ബിൽ നമ്പർ/ വൗച്ചർ നമ്പർ | തുക | തീയതി |
|---|---|---|---|
| 1. | 4/19-20 | 80,938/- | 17.10.19 |
| 2. | 51900973 | 4,10,000/- | 28.11.19 |
| 3. | | 50,000/- | 19.3.20 |
| 4. | 51901363 | 2,00,000/- | 17.2.20 |
| 5. | 51901557 | 4,33,050/- | 19.3.20 |

മേൽ പദ്ധതി പ്രകാരം സ്കോളർഷിപ്പ് നേടിയ അന്നാ മരിയ റോബി, വടക്കേത്തല വീട്, കണ്ടശാംകടവ് എന്ന വിദ്യാർത്ഥിക്ക് 6600/- സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ വിദ്യാർത്ഥിയുടെ പേര് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 16/24.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-39 വില്ലേജ് എക്സ്റ്റെൻഷൻ ഓഫിസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ പദ്ധതി

പ്രൊജക്റ്റ് നമ്പർ : 71/2019-20
പ്രോജക്ടിന്റെ പേര് : വില്ലേജ് എക്സ്റ്റെൻഷൻ ഓഫിസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ പദ്ധതി
അടങ്കൽ : 1,00,000/- (മെയ്ന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ് : 95,789/-

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | തീയതി |
|---|---|---|---|
| 1. | 13/19-20 | 80,938/- | 27.1.20 |
| 2. | 14/19-20 | 14,851/- | 27.1.20 |

മേൽ പദ്ധതി പ്രകാരം 3 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് വില്ലേജ് എക്സ്റ്റെൻഷൻ ഓഫിസിലേക്കുള്ള ആവശ്യത്തിലേക്കായി കമ്പ്യൂട്ടറുകളും പ്രിന്ററും വാങ്ങൽ പദ്ധതി നടപ്പിലാക്കാൻ മുകളിൽ പറഞ്ഞ പ്രകാരം കെൽട്രോണിന് തുക കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം 19.8.20ന് 80,938/- ബിൽ പ്രകാരം 2 കമ്പ്യൂട്ടറുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. നാളിതുവരെയായും പ്രിന്റർ ലഭ്യമായിട്ടില്ല. 20.1.20 ലെ 14103 TVM/ITBG/P1/RC ഇൻവോയ്സ് പ്രകാരം പ്രിൻറർ ഒന്നിന് 14,851/- വില നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഈ ഇൻവോയ്സിന്റെ കാലാവധി 45 ദിവസമാണ്. തുക കൈമാറിയിട്ട് രണ്ടര വർഷത്തിലധികം നാളായിട്ടും പ്രിൻറർ ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-40 കൈപ്പറ്റ് രസീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൗച്ചർ നമ്പർ | തീയ്യതി |
|---|---|---|---|
| 13/20- പി എം എ വൈ അധിക വിഹിതം(എസി സി വിഹിതം) | 30,000 | 21900945 | 9/10/19 |

മേൽ പ്രോജക്റ്റ് പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന് നല്കിയ 30,000 രൂപയുടെ കൈപ്പറ്റ് രസീത്, പ്രോജക്റ്റിന് തുകവിനിയോഗിച്ചതിന്റെ വിശദവിവരങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 23 തീ 25/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-41 ജിഎസ് ടി ഇൻവോയ്സ് ലഭ്യമാക്കാതെ തുക നല്കി-38,000 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൌച്ചർ നമ്പർ | തീയ്യതി | തുക അടച്ചത് |
|---|---|---|---|---|
| 14/20- പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നല്കൽ | 33,000<br>5,000 | 21901850<br>21901829 | 30/3/20<br>31/3/20 | സായി മ്യൂസിക്കൽ ഇൻഡസ്ട്രീസ് ,തൃശ്ശൂർ എന്ന സ്ഥാപനത്തിന് വാദ്യോപകരണത്തിന്റെ തുകയായി നല്കിയത്.<br>ഇൻവോയ്സ് 0124 തീ 30/3/20 തുക 38,000 |

സർക്കുലർ നമ്പർ 18/19 ധനം തീയ്യതി 1.3.19 ഖണ്ഡിക 4 പ്രകാരം ജിഎസ് ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങൾ അഥവാ സേവനങ്ങൾ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ജിഎസ് ടി നമ്പർ വ്യക്തമാക്കാത്ത,സാധനങ്ങളുടെ നികുതി നിരക്ക് വ്യക്തമാക്കാത്ത ,ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണോദ്യഗസ്ഥൻ സായി മ്യൂസിക്കൽ ഇൻഡസ്ട്രീസ് ,തൃശ്ശൂർ എന്ന സപ്ലെയർക്ക് തുക നല്കിയിട്ടുള്ളത്.ജിഎസ് ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കുന്നതുവരെ ചെലവ് തുക 38,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 23 തീ 24/5/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-42 പഞ്ചായത്ത് ഓഫീസ് നവീകരണം - ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിങ്ങ് - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം പഞ്ചായത്ത് ഓഫീസ് നവീകരണത്തോടനുബന്ധിച്ച് ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിങ്ങ് എന്നിവക്ക് തുക വകയിരുത്തൽ എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 194/20 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസ് നവീകരണത്തോടനുബന്ധിച്ച് ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിങ്ങ് എന്നിവക്ക് തുക വകയിരുത്തൽ |
| അടങ്കൽ | തനത് ഫണ്ട് - 215000<br>ധനകാര്യ കമ്മീഷൻ - 215000 |
| ചെലവ് | 215000 – തനത് ഫണ്ട് |
| വൗച്ചർ നമ്പർ/തീയതി | 21900519/05.08.2019 |
| നിർവ്വഹണം | PWD ഇലക്ട്രോണിക്സ് ഡിവിഷൻ,തൃശ്ശൂർ |

പദ്ധതി നടത്തിപ്പിനായി 215000 രൂപ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറി.

പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല. റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പിന് തുക കൈമാറിയത്.

2. പ്രവൃത്തിയുടെ എഗ്രിമെന്റിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയത്. തുക കൈമാറിയത് 6.8.2019-ലാണ് എങ്കിലും എഗ്രിമെന്റ് വച്ചത് 26-12-2019-ൽ മാത്രമാണ്.

3. പ്രവൃത്തിയുടെ അളവ് പുസ്തകം, ഫൈനൽ ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല.

16.9.2021-ലെ EDT/613/2021 കത്ത് പ്രകാരം 169930 രൂപ പ്രവൃത്തിക്ക് ചെലവായതായി പി ഡബ്ല്യു ഡി എക്സിക്യൂട്ടീവ്

എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അതു പ്രകാരം ബാക്കി 45070 രൂപ പ്രസ്തുത വകുപ്പിൽ നിന്നും പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. ഈ തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മേൽപറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 24/25.5.2022-ന് മറുപടിയായി ഐഎസ്ഓ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി അടിയന്തിരമായി പ്രവൃത്തി നിർവ്വഹിക്കേണ്ടി വന്നതിനാലാണ് അപാകതകൾ സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. ഹാജരാക്കാത്ത രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ ചെലവ് തുക 215000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-43 കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവിന് ആധാരമായ കൈപ്പറ്റ് രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവ് | ട്രഷറി ബിൽ/വൌച്ചർ നമ്പർ/തീയതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 1/20 ഐ കെ എം-ന് വിഹിതം നൽകൽ | 91728 | 3/16.7.2019 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 2 | 199/20 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1100000 | 8/17.8.2019 | വാട്ടർ അതോറിറ്റിയുടെകൈപ്പറ്റ് രസീത്, പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം |
| 3 | 119/20 - 3 അംഗൻവാടികളിലേക്ക് വാട്ടർ കണക്ഷൻ നൽകൽ | 35000<br>85000 | 21901542/10.2.2020<br>27/18.11.2019 | വാട്ടർ അതോറിറ്റിയുടെകൈപ്പറ്റ് രസീത്, പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം |
| 4 | 22/20 - കാൻ തൃശ്ശൂർ വിഹിതം കൈമാറൽ | 80000 | 21900865/22.10.2019 | ജില്ലാ പഞ്ചായത്തിന്റെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| | | 1391728 | | |

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 25/25.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ബന്ധപ്പെട്ട ഏജൻസികൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 1391728 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 പഞ്ചായത്ത് ഓഫീസിലെ യു.പി.എസിന് പുതിയ ബാറ്ററി വാങ്ങൽ - പഴയ ബാറ്ററി Buy – Back അടിസ്ഥാനത്തിൽ തിരികെ നൽകുകയോ ലേലം ചെയ്യുകയോ ചെയ്തില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 116/20 പ്രകാരം പഞ്ചായത്ത് ഓഫീസിലെ യു.പി.എസ്സിന് ബാറ്ററി വാങ്ങൽ എന്ന പ്രോജക്ടിനു വേണ്ടി 100 Ah -ന്റെ 20 ട്യൂബുലാർ ബാറ്ററികൾ ഓൺ & ഓൺ ബാറ്ററീസ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 116/20 - പഞ്ചായത്ത് ഓഫീസിലെ യു.പി.എസിന് പുതിയ ബാറ്ററി വാങ്ങൽ |
| അടങ്കൽ - സംരക്ഷണ ഗ്രാന്റ് റോഡിതരം | 153600 |
| ചെലവ് | 153600 |
| ട്രഷറി ബിൽ നമ്പർ/തീയതി | 4/16.7.2019 |

ഒരു ബാറ്ററിക്ക് 7680 രൂപ പ്രകാരം 20 ബാറ്ററിക്ക് ആകെ 153600 രൂപയാണ് ചെലവഴിച്ചത്. ഓൺ & ഓൺ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരം പഴയ ബാറ്ററി തിരിച്ചെടുത്തതിനു ശേഷം ഒരു ബാറ്ററിക്ക് 7100 രൂപ പ്രകാരം 142000 രൂപയാണ് സ്ഥാപനം ക്വാട്ട് ചെയ്തത്. എന്നാൽ പഴയ ബാറ്ററി പഞ്ചായത്ത് മേൽപറഞ്ഞ സ്ഥാപനത്തിന് നൽകിയില്ല. ആയത് നാളിതുവരെ ലേലം ചെയ്ത് കൊടുത്തിട്ടുമില്ല. പഴയ ബാറ്ററി തിരികെ നൽകിയിരുന്നുവെങ്കിൽ 142000 രൂപ മാത്രമേ ചെലവ് വരുമായിരുന്നുള്ളൂ. അതായത് ഈ ഇടപാടിൽ 11600 രൂപ പഞ്ചായത്ത് അധികം ചെലവഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അപാകതക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 26/25.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അധികം ചെലവഴിച്ച 11600 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി

പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. പഴയ ബാറ്ററി നിയമാനുസൃതം ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഴയ ബാറ്ററിക്ക് ലേലത്തിലൂടെ 11600 രൂപയിൽ കൂടുതൽ ലഭിക്കുകയാണെങ്കിൽ കൂടുതലുള്ള തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-45 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അധികം നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുംപ്രകാരം കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 65/20 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ - സംരക്ഷണ ഗ്രാന്റ് റോഡിതരം | 130708 |
| ചെലവ് | 130708 |
| ട്രഷറി ബിൽ നമ്പർ/തീയതി | 45/16.3.2020 |
| തുക കൈപ്പറ്റിയ സ്ഥാപനം | കെൽട്രോൺ |

കേന്ദ്രീകൃത വാങ്ങൽ രീതിയിൽ കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 2 പിസി, 5 പ്രിന്റർ എന്നിവക്കായി 130708 രൂപ കെൽട്രോണിൽ അടവാക്കി. എന്നാൽ സാധനങ്ങൾ സപ്ളൈ ചെയ്തപ്പോൾ ലഭിച്ച ലെനോവോ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ RV200105006039/30.9.2020 പ്രകാരം 5 പ്രിന്ററുകൾക്ക് ആകെ വില 48510 രൂപയും എച്ച് പി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ J9PUB45061/23.9.2020 പ്രകാരം 2 പേഴ്സണൽ കമ്പ്യൂട്ടറുകൾക്ക് 77172 രൂപയുമാണ് വില. ആകെ 126222 രൂപ. എന്നാൽ 130708 രൂപ കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്. കെൽട്രോണിന് അധികം അടവാക്കിയ 4486 രൂപ തിരികെ ലഭിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 27/25.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക തിരികെ ലഭിക്കുന്നതിന് കെൽട്രോണിന് കത്ത് നൽകി എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 4486 രൂപ കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-46 ലൈഫ് പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര് : ലൈഫ് എസ്. സി.
പ്രൊജക്റ്റ് നമ്പർ : 133 / 2019 – 20
അടങ്കൽ : 44,00,000/-
ചെലവ് : 11,60,000/-(വികസനഫണ്ട് (എസ്.സി.പി.))

| ഗുണഭോക്താവിന്റെ പേരുവിവരം | കരാറിൽ ഏർപ്പെട്ട തീയതി | കൈപ്പറ്റിയ തുക (രൂപ) | ബിൽനം./ തീയതി/ തുക |
|---|---|---|---|
| സ്മിത അജിത് കുമാർ, തച്ചാട്ട വീട്, കണ്ടശ്ശാങ്കടവ്. | 25.5.2018 | 40,000/- (അഡ്വാൻസ്) – | 11 /17.12.19/ 1,80,000/- |

സ്മിത അജിത് കുമാർ മുൻകൂർ തുക സ്വീകരിച്ചിട്ടും നാളിതു വരെയായും പണി ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 15/24.5.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അസുഖം മൂലം ടിയാരി 15.12.20 ന് മരണപ്പെടുകയുണ്ടായി. ടിയാരിയുടെ അവകാശികൾ പണി പൂർത്തീകരിക്കുകയോ അല്ലെങ്കിൽ കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-47 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി.21-5-22 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, II എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-48 പഞ്ചായത്താഫീസ് നവീകരണത്തിന് ഒന്നിലധികം പ്രൊജക്റ്റുകൾ തയ്യാറാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് എൻക്വയറി നം. 18, തി.24-5-22

സർക്കാർ സർക്കുലർ ഇ2 12509/16 സി.ഇ.എൽഎസ്.ജി.ഡി തി.19-1-17 പ്രകാരം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമാണം നടത്തേണ്ടതാണെന്നും അല്ലാത്ത സംഗതിയിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ ആയതിന് ഉത്തരവാദികളായിരിക്കുമെന്നും ഉത്തരവായിട്ടുണ്ട്. പഞ്ചായത്താഫീസ് നവികരണം എന്ന പ്രവൃത്തിയിൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ഒന്നിലധികം പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജ.നം./പ്രൊജ.പേരു വിവരങ്ങൾ | അടങ്കൽ | ചെലവു തുക |
|---|---|---|
| 55/20 പഞ്ചായത്താഫീസ് മുകൾ നില നവീകരണം | 5,03,952- | ഇല്ല |
| 178/20 പഞ്ചായത്താഫീസ് നവീകരണം | 1345753- | 1345753- |
| 203/20 പഞ്ചായത്താഫീസ് നവീകരണം 2 ാം ഘട്ടം | 27,00,000- | 18,54,627- |
| 209/20 പഞ്ചായത്താഫീസ് ചുറ്റുമതിൽ ടോയ്‌ലറ്റ് നവീകരണം | 1,96,105- | 96,685- |
| 246/20 പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം | 3,00,000- | ഇല്ല |

സർക്കാർ സർക്കുലറിന് വിരുദ്ധമായി പഞ്ചായത്താഫിസ് നവീകരണത്തിന് തൻവർഷം ഒന്നിലധികം പ്രൊജക്ടുകൾ തയ്യാറാക്കിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-49 പ്രൊജ.നം.178/20 : പഞ്ചായത്ത് ആഫീസ് നവീകരണം--അപാകതകൾ

പ്രൊജ.നം.178/20 : പഞ്ചായത്ത് ആഫീസ് നവീകരണം--അപാകതകൾ

അടങ്കൽ : ₹40,00,000 - ( തനതു ഫണ്ട് )

ഭരണാനുമതി -1 (1) തീ. 7-3-20

സാങ്കേതികാനുമതി -ഇല്ല

കരാർ നം.-ഇല്ല തി. 23-10-'18

കരാറുകാരൻ ആർട്ട്കോ ലിമിറ്റഡ് നമ്പർ. 4429

പി.എ.സി. തുക ₹ 40,00,000-

വൗ.നം. 21900533 തി.14-8-'19 ₹ 11,27,600-

വൗ.നം. 21901321 തി.15-1-'20 ₹ 2,18,153-

അളവുപുസ്തകം -ഇല്ല

( ഓഡിറ്റ് എൻക്വയറി നം.18തി. 24-05-'22 )

മേൽ പ്രൊജക്റ്റു പ്രകാരം ഗ്രാമ പഞ്ചായത്തിലെ എ.സി.പി/ ടൈൽ പ്രവൃത്തികൾ, ചിലയിനം ഫർണിച്ചർ വാങ്ങിയതിനോടൊപ്പം പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട ഏറ്റവും കുറഞ്ഞ നടപടിക്രമങ്ങൾ പോലും പാലിക്കാതെ ആർട്ട്കോ വഴി നിർവ്വഹിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു. അപാകതകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 1 പ്രകാരം 'Government Departments Having Engineering Divisions Can Also Outsource Works To Accredited Agencies For Specific Technical Requirements Which Are Unavailable Within The Dept But, With The Approval Of Government.' എന്നും, സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 1 സി. പ്രകാരം ത.സ്വ.ഭ. സ്ഥാപനങ്ങളുടെയോ, സർക്കാർ പൊതുമേഖലാ ഏജൻസികളുടെയോ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയാത്തതും പ്രത്യേക സംഘടനാ സ്ഥാപന സംവിധാനങ്ങൾ ആവശ്യമുള്ളതും പ്രത്യേക സാങ്കേതിക വൈദഗ്ദ്യം ആവശ്യമുള്ളതുമായ സേവന പ്രവർത്തനങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വ്യവസ്ഥാപിത എഞ്ചിനിയറിങ്ങ് വിഭാഗം ഉണ്ടായിട്ടും പ്രത്യേക സാങ്കേതിക വൈദഗ്ദ്യമൊന്നും ആവശ്യമില്ലാത്ത മരാമത്തു പ്രവൃത്തി 'ആർട്ട്കോ'യെ ഏൽപ്പിച്ചു കാണുന്നു.

2. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 11 സി. പ്രകാരം ഏൽപ്പിക്കാനുദ്ദേശിക്കുന്ന പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനത്തിന്ഏറ്റെടുക്കുന്നതിന് അനുമതിയുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. സ.ഉ. (സാധാ) നം.2092/2018 ത.സ്വ ഭ.വ തി.1-8-2018 പ്രകാരം ആർട്ട്കോ'യിലെ ഉൽപ്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നൽകിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണിഷിങ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിച്ചുമാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചില ഫർണിഷിങ് പ്രവൃത്തികളുടെ മറവിൽ എ.സി.പി, ടൈൽ, ജിപ്സം സീലിങ്ങ്, പെയിന്റിങ്ങ് എന്നീ പ്രവൃത്തികളാണ് വലിയ അളവിൽ നിർവ്വഹിച്ചിട്ടുള്ളത്.

3. മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനം സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന്റെ ലഭ്യതയാണ്. സ.ഉ.(എം.എസ്) 133/13 ത.സ്വ.ഭ.വ തി.30-3-'13 വ്യവസ്ഥ 3 സി പ്രകാരം ഗ്രാമപഞ്ചായത്ത് എഞ്ചിനിയർ ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കണം.സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 7, സ.ഉ.(പി) 118/18ധന. തി.3-8-18 വ്യവസ്ഥ 10 എന്നിവ പ്രകാരം 'TS Shall Be Issued By The Client Dept. Having Engineering Section........ എന്നുത്തരവായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല.

4.സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 7 പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെടണം. എന്നാൽ 'ആർട്ട്കോ'യുമായി നിലവിൽ നിശ്ചിത മാതൃകയിലുള്ള കരാറിലേർപ്പെട്ടിട്ടില്ല. സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാറിൽ ഉൾപ്പെട്ടു കാണുന്നത്. ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാർ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്നും കണ്ടു.

5. സ.ഉ.(എം.എസ്) 133/07ത. സ്വ.ഭ.വ തി.18-05-07 നിർദേശം 2 പ്രകാരം ത.സ്വ.ഭ. എഞ്ചിനിയർ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടതാണ്. കേരള പബ്ലിക് വർക്സ് അക്കൗണ്ട് കോഡ് 10.2.9 മുതൽ 10.2.15 ഉൾപ്പടെയുള്ള ഖണ്ഡികകൾ പ്രകാരം മരാമത്തു പണികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖ അളവുപുസ്തകമാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അളവുപുസ്തകം സൂക്ഷിച്ചിട്ടില്ല. ഫർണിച്ചറുകൾ സപ്ലൈ ചെയ്തതും വിവിധയിനം പ്രവൃത്തികൾ ചെയ്തതും ആർട്ട്കോ ഇൻവോയ്സുകളിലാണ് ഇപ്പോൾ രേഖപ്പെടുത്തി നൽകിയിട്ടുള്ളത്.

6. കേരള പൊതുമരാമത്തു വകുപ്പ് മാനവൽ വകുപ്പ് 2113 പ്രകാരമുള്ള സാക്ഷ്യപത്രം തയ്യാറാക്കിയിട്ടില്ല.
7.(എ)സർക്കാർ സർക്കുലർ 18/2019 ധന തി. 1-3-19 നിർദേശം 8പ്രകാരം മരാമത്തു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി GST യ്ക്ക് പ്രത്യേകം തുക വകയിരുത്തേണ്ടതുണ്ട്. സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റിന്റെ അഭാവത്തിൽ GST യ്ക്ക് പ്രത്യേകം തുക വകയിരുത്താതെയാണ് ഇപ്പോൾ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുള്ളത്.

(ബി) ആർട്ട്കോവിന്റെ 19-3-19 ലെ ഇൻവോയ്സ് 812 പ്രകാരം പ്രവൃത്തിക്കുവേണ്ടി ചെലവു ചെയ്ത തുക ₹33,89,830.48ഉം GST യിനത്തിൽ ₹ 6,10,169.48 ( 18% ) ആണ്. മരാമത്ത് പ്രവൃത്തികൾക്ക് 12% നിരക്കിലാണ് GST നൽകേണ്ടത്. ഈ സാഹചര്യത്തിൽ ₹2,03,389.83-( ₹33,89,830.48 X 6%) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

8. അക്രഡിറ്റഡ് ഏജൻസികൾക്ക് അവരുടെ സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ സെന്റേജ് ചാർജ്ജിന് അർഹതയുണ്ട്. ഇക്കാര്യത്തിൽ സെന്റേജ് ചാർജ്ജ് ഈടാക്കാതെ ആർട്ട്കോ സേവനം നൽകാനിട വന്നത് വിശദീകരിക്കേണ്ടതാണ്.

9. ആർട്ട്കോവിന് ₹ 40,00,000- നൽകിയിട്ടുണ്ടെങ്കിലും ₹ 10,44,677- യുടെ രശീതു മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പൊതുമരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിന് വീഴ്ച വന്നിട്ടുള്ള സംഗതിയിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും GST ഇനത്തിൽ അധികം ചെലവു ചെയ്ത തുക ഈടാക്കി തനതു ഫണ്ടിൽ അടവാക്കേണ്ടതുമാണ് .

## 1-50 പ്രൊജ.നം. 57/19-20 വഞ്ചിക്കടവ് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

ട്രഷറി ബിൽ.നം. 26/19-20 ₹ 32 ലക്ഷം, തീയതി.16.12.19

ഓഡിറ്റ് എൻക്വയറി നം. 34 തി. 26-5-22

14-15 വർഷം 20 ലക്ഷം എസ്റ്റിമേറ്റിൽ ജല അതോറിറ്റി നിർവഹണം നടത്തിവരുന്ന പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് ₹68,70,000- ആയി പുതുക്കുകയും 18-19 കാലയളവു വരെ ₹ 55 ലക്ഷം ജല അതോറിറ്റിയിൽ നിക്ഷേപിക്കുകയുമുണ്ടായിയെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്.

ഓഡിറ്റ് കാലയളവിൽ ₹ 32 ലക്ഷം കൂടി ജല അതോറിറ്റിയിൽ നിക്ഷേപിക്കുകയുമുണ്ടായി. ഇക്കാര്യത്തിൽ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ്, കേരള ജല അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, തുക ലഭിച്ചതിന് കേരള ജല അതോറിറ്റിയിൽ നിന്നുള്ള കൈപ്പറ്റ് രശീത് എന്നിവ ഇല്ലാത്തതായി പരിശോധനയിൽ കണ്ടു. പ്രൊജക്റ്റിന്റെ നാളിതു വരെയുള്ള പുരോഗതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

## 1-51 പ്രൊജക്റ്റ് നം. 189/19-20 --- GST Compensation ഇനത്തിൽ ₹ 9842-അനർഹമായി അനുവദിച്ചു നൽകി

വൗച്ചർ നം. 21901234 തി. 24-12-2019 ₹ 9842-

GST Compensation അർഹമാകുന്നതിനുള്ള വ്യവസ്ഥകൾ താഴെ ചേർക്കുന്നതു പ്രകാരമാണ്

( എ ) 01.07.2017 മുതൽ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലായതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 01.11.17 ലെ സ. ഉ(പ്രി)നം. 87/17/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക(3) പ്രകാരം DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്ത് Additional Tax Burden On Works Awarded At Pre GST Tax Rates കണക്കാക്കി GST Compensation കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ GST Compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ് എന്ന് ഖണ്ഡിക(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിലെ ( ഖണ്ഡിക(4) ) നിർദ്ദേശപ്രകാരം, പ്രവൃത്തികളിൽ ഖണ്ഡിക(3) ലെ പട്ടികയിൽ വ്യക്തമാക്കിയ വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ ഈ ഇനങ്ങളിലെ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ GST Compensation ആണ് നൽകേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. 01.11.17 ലെ സ. ഉ(പ്രി)നം. 87/17/തസ്വഭവ ഉത്തരവിലെ ഖണ്ഡിക(3) ലെ രേഖപ്പെടുത്തൽ പ്രകാരം Bituminous Road Work ( Bitumen Contractor Supply ) ന് നൽകേണ്ട GST Compensation ആയ 3% തുക എത്തിച്ചേർന്നിട്ടുള്ളത് 10.04.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 ൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്ക് വെച്ചാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത്, ഈ സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ നിരക്കിലല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിൽ മേൽ വ്യക്തമാക്കിയ GST Compensation ന് അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്കാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള ബിറ്റുമിന്റെ നിരക്ക് 09.10.17 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും, 2018-19 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള ബിറ്റുമിൻ നിരക്ക് 04.04.18 ലെ സർക്കുലർ നം. CE/R&B/PRICE/6725/15 പ്രകാരവും പുതുക്കി നിശ്ചയിച്ചിട്ടുള്ളതും ആണ്. ഇപ്രകാരം പുതുക്കി നിശ്ചയിച്ചപ്പോൾ ബിറ്റുമിന്റെ നിരക്ക് GST സഹിതമാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്.

(ബി) സ.ഉ. 2/2018 പൊ.മ.വ തി. 27-1-'18 ( ഈ ഉത്തരവിന്റെ പകർപ്പ് എൽ എസ്. ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതാണ് ) ഖണ്ഡിക 22, 23 എന്നിവ പ്രകാരം 1-7-17 നോ അതിനു ശേഷമോ ടെൻഡർ പുറപ്പെടുവിച്ച പ്രവൃത്തികൾക്ക് GST Compensation അർഹതയില്ല.Ind. PW B2 176/'19 ഫിൻ തി. 22-10-'19 പ്രകാരം ധനകാര്യ വകുപ്പ് അഡി.ചീഫ് സെക്രട്ടറി LSGD ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള സ്പഷ്ടീകരണം ഖണ്ഡിക 4 പ്രകാരം ഇക്കാര്യം ആവർത്തിച്ചിട്ടുള്ളതുമാണ്.

GST സഹിതം പുതുക്കി നിശ്ചയിച്ചിട്ടുള്ള ബിറ്റുമിൻ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായതും GST

Compensation അർഹമാകുന്ന നിശ്ചിത തിയ്യതിയ്ക്ക് ശേഷം 30-6-17ന മാത്രം ടെൻഡർ പൂറപ്പെടുവിച്ചതുമായപ്രൊജ. നം. K P പ്രഭാകരൻ റോഡ് മെറ്റലിങ് ടാറിങ് പ്രവൃത്തിക്ക് GST Compensation ഇനത്തിൽ കരാറുകാരൻ ശ്രീ. ഗൗതമൻ കെ.കെ എന്നയാൾക്ക് ₹ 9842-അനുവദിച്ച് നൽകി ചെലവുചെയ്തത് തടസ്സപ്പെടുത്തുന്നു.

## 1-52 കാലി ബാരലിന്റെ വില--GST അടവാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 5 തി. 21-5-22

ഓഡിറ്റ് കാലയളവിൽ റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവധ കരാറുകാരിൽ നിന്നു ബിറ്റുമിൻ കാലിബാരലുകളുടെ വില ഒന്നക്ക് ₹ 281- നിരക്കിൽ ( 238+18% (GST) ) --കാലി ബാരലിന്റെ വില GST എന്നിവ പ്രത്യേകം/പ്രത്യേകം ഈടാക്കാതെ -- തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതായി കണ്ടു. ഇത് ക്രമപ്രകാരമല്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജ. നമ്പർ | പ്രൊജക്റ്റിന്റെ പേരുവിവരങ്ങൾ | ഈടാക്കിയ തുക |
|---|---|---|---|
| 1 | 135 | ഏരിമേൽ റോഡ് | 11248- |
| 2 | 137 | കെ. കരുണാകരൻ സ്മാരക റോഡ് | 3029- |
| 3 | 139 | പോസ്റ്റ് ഓഫീസ് റോഡ് | 6196- |
| 4 | 161 | മണലൂർ ബാങ്ക് ഹൈസ്കൂൾ റോഡ് | 5210- |
| 5 | 165 | ജി.എച്ച്.എസ് മണലൂർ റോഡ് | 14472- |
| 6 | 185 | ചുങ്കത്ത് റൈസ് മിൽ റോഡ് | 6230- |
| 7 | 173 | സെ. പീറ്റേഴ്സ് റോഡ് | 2706- |
| 8 | 170 | അകായ് റോഡ് | 4659- |
| 9 | 159 | കാഞ്ഞാണി തച്ചംകുളം ലിങ്ക് റോഡ് | 4530- |
| 10 | 164 | തച്ചംകുളം കനാൽ ലിങ്ക് റോഡ് | 2386- |
| 11 | 158 | സത്രം ശിവക്ഷേത്രം തച്ചംകുളം ലിങ്ക് റോഡ് | 1934- |
| 12 | 156 | ഗോതമ്പ് റോഡ് | 2451- |
| 13 | 181 | തിണ്ടാട്ട് റോഡ് | 4468- |
| 14 | 182 | ലക്ഷം വീട് കോളനി റോഡ് | 2739- |
| 15 | 163 | കുരുട്ടി വളപ്പ് പണിക്കർ റോഡ് | 3099- |
| | | | 75357- |

കാലി ബാരലിന്റ വിലയിനത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയ ആകെ₹ 75357-ൽ ഏകദേശം ₹63862-( 75357 X 100/118 ) കാലി ബാരലിന്റെ വിലയായും ₹ 11495- ( 75357 X 18/118 ) ആയതിന്മേലുള്ള GST ആയും ഓഡിറ്റിൽ വിലയിരുത്തുന്നു. കാലി ബാരലിന്റെ വില GST എന്നിവ പ്രത്യേകം/പ്രത്യേകം കണക്കാക്കിആയത് ഓരോ പ്രവൃത്തിക്കും ചെലവു വന്ന ശീർഷകങ്ങളിലേക്ക്/GST വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

## 1-53 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 4, തിയ്യതി 21 -5-22)

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ച് വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നത് 27-4-22 ലെ 263/AE/LSGD/PTR/22 പ്രകാരം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-54 തൊഴിലുറപ്പ് പദ്ധതി --ആദായ നികുതിയിനത്തിൽ ₹ 5528-- ഈടാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 35 തി. 26-5-22

ഓഡിറ്റ് കാലയളവിൽ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്ന് 1961ലെ ആദായനികുതി നിയമം 194 സി വകുപ്പ് പ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. താഴെ പേർ ചേർക്കുന്ന കരാറുകാരിൽ നിന്ന് പാൻ കാർഡുള്ള സാഹചര്യത്തിൽ 1% നിരക്കിൽതാഴെ ചേർക്കുന്നതു പ്രകാരം ആദായനികുതി ഈടാക്കേണ്ടതാണ്.

| കരാറുകാരൻ : ശ്രീ.ഗിരീഷ് പി.പി. | | |
|---|---|---|
| പ്രവൃത്തിയുടെ പേര്/കരാർ നമ്പർ | ചെലവു തുക/ തുക നൽകിയ തിയ്യതി | ആദായനികുതി ( 1% ) |
| വടക്കേകാരമുക്ക് വാർഡിൽ നടപ്പാത കോൺക്രീറ്റിങ്/ കരാർ നം. 13/MNREGS/MLR 18-19 തി 14-5-'18 | ₹ 175347-/ 30-12-19 | ₹ 1753- |

| | | |
|---|---|---|
| തൃക്കുന്ന് വാർഡിൽ വെള്ളക്കെട്ട് ഒഴിവാക്കൽ<br>കരാർ നം. 16/MNREGS/MLR 18-19 തി 6-12-'18 | ₹ 141291-/<br>21-6-19 | ₹ 1413- |
| ആകെ | | ₹ 3166- |

| കരാറുകാരൻ : ശ്രീ. കെ.എ. കൊച്ചുമോൻ | | |
|---|---|---|
| ആനക്കാട് വടക്ക് വാർജഡിൽ വയലിത്തറ റോഡ് കോൺക്രീറ്റിങ്<br>കരാർ നം. 18/MNREGS/MLR 18-19 തി 16-1-19 | ₹ 236273-/<br>1-1-20 | ₹ 2362- |
| ആകെ | | ₹ 2362- |

ആദായ നികതിയിനത്തിൽ താഴെ ചേർക്കുന്നതു പ്രകാരം ₹ 5528- ഈടാക്കുന്നതിന നടപടികൾ സ്വീകരിക്കേണ്ടതാണ്.

| സംക്ഷിപ്തം | |
|---|---|
| കരാറുകാരന്റെ പേര് | ആദായനികുതി |
| ശ്രീ.ഗിരീഷ് പി.പി. | ₹ 3166- |
| ശ്രീ. കെ.എ. കൊച്ചുമോൻ | ₹ 2362- |
| ആകെ | ₹ 5528- |

## 1-55 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

പ്രൊജക്റ്റ് നമ്പർ – 102/19-20

പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

നിർവ്വഹണം –വെറ്ററിനറി സർജൻ

അടങ്കൽ - 1600000/-
ചെലവ് - 1600000/-
ട്രഷറി ബിൽ നമ്പർ –03/21.1.20 തുക375000

ട്രഷറി ബിൽ നമ്പർ –11/21.1.20 തുക419000

തനത് ഫണ്ട് ചെക്ക് നം 3900617/31.1.20 തുക6000

ഈ പദ്ധതിക്കായി ആകെ 800000/- രൂപ എസ്.എൽ.ബി.പിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ പ്രീതി സുനിൽ എന്ന ഗുണഭോക്താവ് 23.8.20 ന ശേഷം വിവിധ കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. സുനിതലാൽ 10.1.20ന ശേഷം കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല.ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 10/21.5.22) ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ ഉരുക്കൾ മരണപ്പെട്ടതിനാലാണ് കാലിത്തീറ്റ നല്കാതിരുന്നത്. പദ്ധതിയിൽ പങ്കാളിയായി അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പറഞ്ഞ പ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കി തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-56 നെൽ കൃഷികസനം-ഗുണഭോക്തൃ വിഹിതം

നെൽ കൃഷി വികസനം

പ്രൊജക്റ്റ് നമ്പർ – 66/19-20

നിർവ്വഹണം –കൃഷി ഓഫീസർ

അടങ്കല്-1280000/-
ചെലവ്-499921/-

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം 71858 രൂപയാണ് പിരിച്ചെടുത്തിരുന്നത്. ഇതിൽ 48290 രൂപ 28.3.2021 നാണ് പഞ്ചായത്തിൽ അടവാക്കിയിരുന്നത്. എന്നാൽ പഞ്ചായത്തിൽ നിന്ന് ഗുണഭോക്തൃ വിഹിതം കൃഷി ഓഫീസർക്ക് തന്നെ തിരിച്ച് നല്കുകയും ചെയ്തതായി ഫയൽ രിശോധിച്ചതിൽ കണ്ടു. എന്നാൽ ഈ തുക 5/2020 ൽ ഡി ഡി മുഖാന്തിരം വിത്ത് വാങ്ങിയ സ്ഥാപനത്തിലേയ്ക്ക് അടവാക്കിയതായി കണ്ടു. 28.3.20201ൽ കൈപറ്റിയ തുക 14/5/2021 ലാണ് അടവാക്കുന്നത്. അതും പാടശേഖര സമിതി നേരിട്ടാണ് അടവാക്കിയതായി കാണുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടിണ്ട്. (07/21.5.2022)

മേൽ പദ്ധതി പ്രകാരം മനരത്ന ഇനം നെൽവിത്തിന്റെ 2 രൂപ നിരക്കിൽ, വിത്ത് ഇറക്കിയ സ്ഥാപനത്തിലേയ്ക്ക് അടവാക്കേണ്ടതായ 48290 രൂപ, രശീത് ബുക്ക് നം 29237 ലെ 7ാം നമ്പർ രശീത് പ്രകാരം 28.3.2020 ന്, മണലൂർ താഴം പാടശേഖര സമിതി സെക്രട്ടറിയുടെ കയ്യിൽ നിന്നും വാങ്ങിയിരുന്നു. ഈ തുക പഞ്ചായത്തിൽ അടവാക്കുന്നതിനായി ശ്രമിച്ചപ്പോൾ അന്നേ ദിവസം കാഷ് ട്രാൻസ്ഫർ ഇല്ലെന്നും കോവിഡ് മൂലം ഓഫീസ് പ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയായതിനാൽ തുക അടവാക്കാൻ സാധിച്ചില്ലെന്നും

ആയതിനാൽ തുക അന്നേ ദിവസം തന്നെ പാടശേഖരം സെക്രട്ടറിയ്ക്ക് തിരിച്ച് കൊടുക്കുകയും ചെയ്തു എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. 28.3.2020 ൽ 48290 രൂപ പാടശേഖര സമിതി കൈപറ്റിയതിന്റെ രശീത് ലഭ്യമാക്കിയിട്ടുണ്ട്.

28.03.2020 ന് 48290/- രൂപ പാടശേഖര സമിതി കൈപ്പറ്റിയ രസീത് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷത്തെ സുലേഖ പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതം 48290 രൂപയടക്കം 71858 രൂപ ചെലവ് വന്നതായാണ് കാണുന്നത്. യഥാർത്ഥത്തിൽ 48290 രൂപ 14.05.2020 ന് ഡി ഡി മുഖാന്തിരം വിത്ത് നൽകിയ സ്ഥാപനത്തിന് നൽകുകയാണുണ്ടായിട്ടുള്ളത്. ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പഞ്ചായത്ത് ഓഫീസിലെ യു.പി.എസിന് പുതിയ ബാറ്ററി വാങ്ങൽ - പഴയ ബാറ്ററി Buy – Back അടിസ്ഥാനത്തിൽ തിരികെ നൽകുകയോ ലേലം ചെയ്യുകയോ ചെയ്തില്ല - നഷ്ടം 11600/-രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 116/20 പ്രകാരം പഞ്ചായത്ത് ഓഫീസിലെ യു.പി.എസ്സിന് ബാറ്ററി വാങ്ങൽ എന്ന പ്രോജക്ടിനു വേണ്ടി 100 Ah -ന്റെ 20 ട്യൂബുലാർ ബാറ്ററികൾ ഓൺ & ഓൺ ബാറ്ററീസ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 116/20 - പഞ്ചായത്ത് ഓഫീസിലെ യു.പി.എസിന് പുതിയ ബാറ്ററി വാങ്ങൽ |
| അടങ്കൽ - സംരക്ഷണ ഗ്രാന്റ് റോഡിതരം | 153600 |
| ചെലവ് | 153600 |
| ട്രഷറി ബിൽ നമ്പർ/തീയതി | 4/16.7.2019 |

ഒരു ബാറ്ററിക്ക് 7680 രൂപ പ്രകാരം 20 ബാറ്ററിക്ക് ആകെ 153600 രൂപയാണ് ചെലവഴിച്ചത്. ഓൺ & ഓൺ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരം പഴയ ബാറ്ററി തിരിച്ചെടുത്തതിനു ശേഷം ഒരു ബാറ്ററിക്ക് 7100 രൂപ പ്രകാരം 142000 രൂപയാണ് സ്ഥാപനം ക്വാട്ട് ചെയ്തത്. എന്നാൽ പഴയ ബാറ്ററി പഞ്ചായത്ത് മേൽപറഞ്ഞ സ്ഥാപനത്തിന് നൽകിയില്ല. ആയത് നാളിതുവരെ ലേലം ചെയ്ത് കൊടുത്തിട്ടുമില്ല. പഴയ ബാറ്ററി തിരികെ നൽകിയിരുന്നുവെങ്കിൽ 142000 രൂപ മാത്രമേ ചെലവ് വരുമായിരുന്നുള്ളൂ. അതായത് ഈ ഇടപാടിൽ 11600 രൂപ പഞ്ചായത്ത് അധികം ചെലവഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞ അപാകതക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 26/25.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അധികം ചെലവഴിച്ച 11600 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. പഴയ ബാറ്ററി നിയമാനുസൃതം ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഴയ ബാറ്ററിക്ക് ലേലത്തിലൂടെ 11600 രൂപയിൽ കൂടുതൽ ലഭിക്കുകയാണെങ്കിൽ കൂടുതലുള്ള തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 150000 | പെയിൻ & പാലിയേറ്റീവ് പദ്ധതി | 100000 | 50000 |
| | 440000 | ലൈഫ് ജനറൽ 2019-20(67) | 440000 | 0 |
| | 460000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(75) | 460000 | 0 |
| | 80000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി(2) | 80000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 125000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി(2) | 125000 | 0 |
| | 1600000 | പഞ്ചായത്ത് ലൈബ്രറി കെട്ടിടം നിർമാണം(50) | 0 | 1600000 |
| | 200000 | അംഗനവാടി പോഷകാഹാരം(60) | 200000 | 0 |
| | 34000 | അഗതി രഹിതകേരളം(70) | 34000 | 0 |
| | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(75) | 200000 | 0 |
| | 100000 | തെരുവ് വിളക്ക് ലൈൻ നീട്ടൽ | 79501 | 20499 |
| | 150000 | പെയിൻ & പാലിയേറ്റീവ് പദ്ധതി(94) | 150000 | 0 |
| | 400000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(112) | 400000 | 0 |
| | 200000 | ഏനാമാവ് കടവ് - മണലൂർ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജ് -വൈദ്യുതീകരണം(122) | 198972 | 1028 |
| | 500000 | ക്രിമറ്റോറിയം മെയിൻറനൻസ്(128) | 0 | 500000 |
| | 804084 | വിനയ അംഗനവാടി പുനർ നിർമ്മാണം(190) | 98265 | 705819 |
| | 300000 | മണലൂർ ഗ്രാമപഞ്ചായത്ത് പട്ടിക ജാതി വ്യവയായ കേന്ദ്രം/വിജ്ഞാന കേന്ദ്രം - കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം(193) | 190000 | 110000 |
| | 170433 | ലൈഫ് ജനറൽ -വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ(219) | 170433 | 0 |
| | 65768 | വിനയം അംഗനവാടി ഇലക്ട്രിഫിക്കേഷൻ(236) | 0 | 65768 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജന്സി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | അഗതി രഹിത കേരളം | | 3,40,000/- | 3,40,000/- | 0 |
| ജില്ലാ പഞ്ചായത്ത് | ക്യാന് തൃശ്ശൂര് | | 80,000/- | 80,000/- | 0 |
| ഐ.കെ.എം | ഐ.കെ.എം. ന് വിഹിതം കൈമാറല് | | 91,728/- | 91,728/- | 0 |
| കേരള വാട്ടര് അതോറിറ്ററി | കടിവെള്ള പൈപ്പ് ലൈന് നീട്ടല് | | 11,00,000/- | 11,00,000/- | 0 |
| കെ.എസ്.ഇ.ബി. | തെരുവു വിളക്ക് ലൈൻ നീട്ടല് | | 4,79,501/- | 4,79,501/- | 0 |
| കേരള വാട്ടര് അതോറിറ്ററി | മൂന്ന് അംഗൻവാടികൾക്ക് വാട്ടര് കണക്ഷന് നല്കല് | | 1,20,000/- | 1,20,000/- | 0 |
| എസ്.എസ്.കെ | എസ്.എസ്.എ. വിഹിതം കൈമാറൽ | | 7,00,000/- | 7,00,000/- | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | വായ്പ തുക | വര്ഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വര്ഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കടിൽ രഹിത ഗ്രാമം | | 97,40,000 | 52,40,000 | 10,00,000 | 3,77,771 | 42,40,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | | |
|---|---|---|---|---|
| 1 | വർഷാംരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18566443 | 1448574 (പലിശ) - | ലോണിലേക്ക് അഡ്ജസ്റ്റ് ചെയ്ത തുക - 307124 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | 0 | 0 |
| 3 | ആകെ | 19707893 (18566443+1141450 = 19707893) | | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | 0 | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 19707893 | | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക | |
| | | 13 സ്ഥിരനിക്ഷേപ അക്കൌണ്ടുകളിൽ | 19707893 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 99-2000 മുതൽ 2001-02 | | 2004-05 | 4 | 99-2000 മുതൽ 2001-2002 വരെയുള്ള 42 മരാമത്ത് ബില്ലുകളുടെ ഓഡിറ്റിൽ ആകെ 195764/- രൂപ മണ്ണ് വില അധികം നല്കിയതായി കണ്ടെത്തിയത് | |
| 2 | 2001-02 | 2(2) | 2006-07 | 3.59.1 | നികുതി എഴുതി തള്ളി<br><br>ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക 2(2) ഓഡിറ്റ് വർഷം വിവിധ നികുതിയിനങ്ങളിലായി മൊത്തം 22808/- രൂപ എഴുതി | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | തള്ളിയിട്ടുണ്ട്. ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം (വസൂലാക്കാൻ കഴിയാത്ത തുകകൾ എഴുതി തള്ളൽ) 3(1)(2)(3)(4) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് എഴുതി തള്ളാവുന്ന തുക 1000/- രൂപ മാത്രമാണ്. എന്നിരിക്കെ അതിന് വിരുദ്ധമായി എഴുതി തള്ളിയ 22808/- രൂപ ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല. | |
| 3 | 2006-07 | 3-4 | 2010-11 | 5.6.5 | സമാഹരണ മുൻകൂർ നല്കി പണി പൂർത്തിയാക്കിയിട്ടില്ല. താഴെ പറയുന്ന പ്രവർത്തികൾക്ക് സമാഹരണ മുൻകൂർ നല്കി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനോ അല്ലാത്ത പക്ഷം 12% പലിശ സഹിതം തുക ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>1. വനിതാവ്യവസായകേന്ദ്രം റോഡ് നിർമ്മാണം ഓഡിറ്റ് റിപ്പോർട്ട് വർഷം -2006-07, ഖണ്ഡിക നം 3-4 ,നല്കിയ രൂപ 38400/-<br>2. വനിതാവ്യവസായകേന്ദ്രം കെട്ടിട നിർമ്മാണം ഓഡിറ്റ് റിപ്പോർട്ട് വർഷം -2006-07, ഖണ്ഡിക നം 3-4 ,നല്കിയ രൂപ 45803/- | |
| 4 | 2014-15 | 2-2 | 2016-17 | | വസ്തുനികുതി കുടിശ്ശിക ഈടാക്കാത്തത് പഞ്ചായത്തിൽ തൻവർഷം ആരംഭത്തിൽ ഈടാക്കാനുള്ള വസ്തു നികുതി 4276062/- രൂപയാണ് . 2011-12 മുതലുള്ള വസ്തുനികുതി കുടിശ്ശികയാണ്. സാമ്പത്തിക വർഷത്തിൽ 2320128/- രൂപയാണ് കുടിശ്ശിക ഇനത്തിൽ ഈടാക്കിയിട്ടുള്ളത്. തൻ വർഷത്തെ ഡിമാന്റ് 5057434/- രൂപയാണ്. ഇതിൽ പിരിച്ചെടുത്തത് 4125785/- രൂപയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 243-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം നികുതികൾ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പിരിച്ചെടുക്കാതെ കാലഹരണപ്പെട്ടാൽ സെക്രട്ടറി ബാധ്യസ്ഥനാകുന്നതാണ്. ഈ വിഷയത്തിൽ വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 23/15.07.16) | |
| 5 | 2014-15 | 2-2 | 2016-17 | | തൊഴിൽനികുതി<br>കരാറുകാരുടെയും റേഷൻ ഡീലർമാരുടെയും തൊഴിൽ നികുതി ഈടാക്കിയില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ട പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിയെടുക്കുന്ന മുഴുവൻ കരാറുകാരിൽ നിന്നും റേഷൻ ഡീലർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷം വിവിധ കരാർ പ്രവർത്തികൾ നടത്തിയ 24 കരാറുകാരിൽ നിന്നും 12 റേഷൻ ഡീലർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. | |
| 6 | 2014-15 | 2-4 | 2016-17 | | മൊബൈൽ ടവ്വറുകൾ - വസ്തു നികുതി ഈടാക്കിയിട്ടില്ല. താഴെ പറയുന്ന മൊബൈൽ സേവന ദാതാക്കളുടെ വസ്തുനികുതി കുടിശ്ശികയായിട്ടുണ്ട്. ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 25/16/7/16)* | |

*പഞ്ചായത്ത് ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മേൽവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

*

| ബിൽഡിങ്ങ് നം. (പുതിയത്) | ഉടമസ്ഥന്റെ പേര് | മൊബൈൻ കമ്പനിയുടെ പേര് | ബിൽഡിംഗ് ടാകസ് (പുതിയത്) | ടവ്വറിന്റെ വിസ്തീർണ്ണം | കുടിശ്ശികയുടെ വിവരം |
|---|---|---|---|---|---|
| 16/692 | റപ്പായി റാഫേൽ, തെക്കനത്ത്, പണ്ടാരവളപ്പിൽ | വോഡഫോൺ | 12560/- | 20 ച.മീ | 2014-15 മുതൽ |
| 16/756 | ജോമോൻ തോട്ടുങ്ങൽ ഹൗസ് | ടാറ്റ ടെലി സർവ്വീസസ് | വിവരം ലഭ്യമല്ല | 20 ച.മീ | വിവരം ലഭ്യമല്ല |
| 17/83 | ഡേവീസ് തെക്കാനത്ത്, പണ്ടാരവളപ്പിൽ | റിലയൻസ് ഇൻഫ്രാടെൽ | 11500/- | 20 ച.മീ | |
| 7/496 എ | റോസ്ലി ഡേവീസ് നീലംങ്കാവിൽ ഹൗസ്, | വോഡഫോൺ | 11788/- | 20 ച.മീ | വിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 7/577 എ | സെന്റ് തോമസ് പള്ളി വികാരി | ഭാരതി എയർടെൽ | 3500/- | 20.5 ച.മീ | വിവരം ലഭ്യമല്ല |
| 7/577 ബി | സെന്റ് തോമസ് പള്ളി വികാരി | ബി.എസ്. എൻ.എൽ | 11788/- | 20.5 ച.മീ | വിവരം ലഭ്യമല്ല |
| 13/356 | ബി.എസ്.എൻ.എൽ. | ബി.എസ്. എൻ.എൽ. | 3669/- | 5.8 ച.മീ | വിവരം ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 75504621 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 78814186 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 11,600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,54,570 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 11,600 | ശ്രീമതി. സുനിത കെ.വി., അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-41 | 38,000/- | ശ്രീമതി സുനിത കെ. വി. അസി. സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |
| 1-42 | 2,15,000/- | ശ്രീ. ടി. വി. ശിവദാസൻ സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |
| 1-43 | 91,728/- | ശ്രീമതി. സുനിത കെ. വി. അസി. സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |
| | 11,00,000/- | ശ്രീ. ടി. വി. ശിവദാസൻ സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |
| | 35,000/- | ശ്രീ. ടി. വി. ശിവദാസൻ സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |
| | 85,000/- | ശ്രീ. ടി. വി. ശിവദാസൻ സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |
| | 80,000/- | ശ്രീ. ടി. വി. ശിവദാസൻ സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് |
| 1-51 | 9,842/- | ശ്രീ. ഇക്ബാൽ പി. എ., അസി. എഞ്ചിനീയർ, മണലൂർ ഗ്രാമ പഞ്ചായത്ത് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-54 | 3166 | ശ്രീമതി.സുനിത.കെ.വി, അസി.സെക്രട്ടറി, മണലൂർ ഗ്രാമപഞ്ചായത്ത് |
| 1-54 | 2362 | ശ്രീ.ടി.വി.ശിവദാസൻ, സെക്രട്ടറി, മണലൂർ ഗ്രാമപഞ്ചായത്ത് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സുനിത കെ വി, അസി. സെക്രട്ടറി, മണലൂർ ഗ്രാമ പഞ്ചായത്ത് | ജൂനിയർ സൂപ്രണ്ട്, താന്ന്യം ഗ്രാമ പഞ്ചായത്ത് | വടമന വീട്, വെളുത്തൂർ പി.ഒ, തൃശ്ശൂർ – 680012 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.(എസ്.2) 1637/11 തി.15.07.11 |
| 85-86 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 86-87, 87-88 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 88-89, 89-90 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 90-91 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 91-92 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 92-93, 93-94 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 94-95, 95-96 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 96-97 | എൽ.എഫ്.ടി-13-758/98 തി.24.10.98/31.12.98. |
| 97-98 ചെലവ് | എൽ.എഫ്.ടി-15-188/01 തി.17.04.01/06.06.01. |
| 97-98 വരവ് | എൽ.എഫ്.ടി-15-1549/98 തി.31.05.99/06.10.99 |
| 98-99 വരവ് ചെലവ് | എൽ.എഫ്.ടി-15-624/04 തി.27.11.04/11.01.05. |
| 99-00 വരവ് ചെലവ് | എൽ.എഫ്.ടി.15-625/04 തി.27.11.04/11.01.05. |
| 00-01 വരവ് ചെലവ് | എൽ.എഫ്.ടി.15-1546/05 തി.17.01.06/17.07.06. |
| 99-00 01-02 വരെ പ്ലാൻ | എൽ.എഫ്.ടി.15-1249/03 തി.20.02.04. |
| 01-02 വരവ് ചെലവ് | എൽ.എഫ്.ടി-1547/05 തി.18.01.06/14.08.06 |
| 02-03 വരവ് ചെലവ് | എൽ.എഫ്.ടി-15-1919/06 തി.15.03.07/16.10.07 |
| 03-04 വരവ് ചെലവ് | എൽ.എഫ്.ടി.15-1389/08 തി.03.08.09. |
| 04-05 വരവ് ചെലവ് | എൽ.എഫ്.ടി.15-1390/08 തി.03.08.09 |
| 05-06 വരവ് ചെലവ് | എൽ.എഫ്.ടി.15-1603/09 തി.18.08.10 |
| 06-07വരവ് ചെലവ് | എൽ.എഫ്.ടി.15-1604/09 തി.19.08.10/31.01.11 |
| 07-08 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)- 1607/11 തി. 08.03.12 |
| 08-09 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)-1608/11 തി.09.03.12/12.06.12 |
| 09-10, 10-11 | എൽ.എഫ്.ടി.(പി.2) 1600/12 തി.24.11.12/02.03.13. |
| 11-12 | എൽ.എഫ്.ടി.(പി.3) 1676/13 തി.03.04.14/ 07.08.14 |

| | |
|---|---|
| 12-13 | എൽ.എഫ്.ടി.(പി.2)-1701/14 തി.01.11.14/10.06.15. |
| 13-14 | കെ.എസ്.എ.-ടിഎസ്.ആർ.(പി.2)1689/15 തീ.22/12/15 |
| 2014-15 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)1196/16 തീ.22/07/2016 |
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)40/17 തീ.30-01-2017 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1717/2017 തീയതി:30/11/2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2)254/19/ തീയതി : 17.06.19 |
| 2018 -19 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.2)1463/19/ തീയതി : 7.12.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മണലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്